## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 1901 — 14.07.2011 ൽ മറുപടിക്ക്

### മുരിക്കുംപാടം വാട്ടർടാങ്കിന്റെ നിർമ്മാണം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. എസ്. ശർമ്മ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വൈപ്പിൻ മണ്ഡലത്തിലെ മുരിക്കുംപാടം വാട്ടർ ടാങ്കിന്റെ നിർമ്മാണം തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ; എങ്കിൽ അടിയന്തിരമായി നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ ? | (എ) | വൈപ്പിൻ മണ്ഡലത്തിലെ മുരിക്കുംപാടത്ത് ജിഡയുടെ ഡെപ്പോസിററ് വർക്കിൽ, എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ , നായരമ്പലം പഞ്ചായത്തുകൾക്കുള്ള ശുദ്ധജല വിതരണ ശൃംഖലയുടെ വിപുലീകരണ പദ്ധതിയിൽ ഉൾപ്പെട്ട 11.80 ലക്ഷം ലിററർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിനുള്ള ടെണ്ടർ 09.11.2009 ൽ ചീഫ് എഞ്ചിനീയറുടെ ആഫീസിൽ വിളിക്കുകയും, ടി ടെണ്ടർ ജല അതോറിററിയുടെ ബോർഡ് മീററിംഗിലെ തീരുമാന പ്രകാരം സർക്കാർ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ടെണ്ടറിന് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ